**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഏകാരോഗ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഏകാരോഗ്യ പദ്ധതിയുടെ ഭാഗമായി സെന്റർ ഫോർ വൺ ഹെൽത്ത് -ന്റെ കീഴിൽ എത്ര കമ്മ്യൂണിറ്റി വാളണ്ടിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്; | (എ) | ഏകാരോഗ്യം പദ്ധതിയുടെ ഭാഗമായി വാർഡ് അടിസ്ഥാനത്തിൽ സന്നദ്ധ പ്രവർത്തനം നടത്താൻ താല്പര്യമുള്ള പ്രദേശവാസികളിൽ നിന്നും 7 വീതം കമ്മ്യൂണിറ്റി വോളന്റീർമാരെ പ്രാഥമിക തല പരിശീലനം നൽകി വിന്യസിച്ചിട്ടുണ്ട്.പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരുടെ വിവരം താഴെ ചേർക്കുന്നു |

| നമ്പർ | ജില്ല | വളണ്ടിയർമാരുടെ എണ്ണം |
|---|---|---|
| 1 | പത്തനംതിട്ട | 45416 |
| 2 | ആലപ്പുഴ | 68173 |
| 3 | കോട്ടയം | 65859 |
| 4 | ഇടുക്കി | 42217 |
| ആകെ | | 2,21,665 |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം പരിശീലനങ്ങളാണ് വാളണ്ടിയർമാർക്ക് നൽകി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഏകാരോഗ്യം പരിപാടിയുടെ രണ്ടാം വർഷം തന്നെ പ്രത്യേകമായി തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരമുള്ള പരിശീലനം സന്നദ്ധപ്രവർത്തകർക്ക് നൽകിയിട്ടുണ്ട് .പരിശീലന മൊഡ്യൂളിന്റെ ഉള്ളടക്കം താഴെ ചേർക്കുന്നു .<br><br>1.ഏകാരോഗ്യം -ആശയവും പ്രാധാന്യവും<br><br>2.പകർച്ചവ്യാധി വ്യാപനം -ജന്തുജന്യ രോഗങ്ങളും പരിസ്ഥിതിയും<br><br>3.ഏകാരോഗ്യം -കേരളവും സംഘടനാ സംവിധാനവും<br><br>4.സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണവും ഏകാരോഗ്യവും<br><br>5.സന്നദ്ധപ്രവർത്തകരുടെ തിരെഞ്ഞെടുപ്പ് ,പരിശീലനം<br><br>കൂടാതെ,സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണ സംവിധാനം നടപ്പിലാക്കാനുള്ള മാർഗനിർദ്ദേശങ്ങൾ അടങ്ങിയ ടൂൾകിറ്റ് അടിസ്ഥാനപ്പെടുത്തിയ പരിശീലനവും നടന്നു വരുന്നു |

സെക്ഷൻ ഓഫീസർ